**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902** **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗവ: പ്രൈമറി സ്കൂളുകളിൽ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിൽ ഉണ്ടോ; | (എ) | സംസ്ഥാനത്ത് 1596 പ്രൈമറി പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു.സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പൊതു വിദ്യാലയങ്ങളിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കേരളത്തിനു അനുയോജ്യമായ പുതിയ പാഠ്യപദ്ധതി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ